



# മിലാദെ ഷെരീഫ് ഗേൾസ് ഹൈസ്കൂൾ മൈനാഗപ്പള്ളി

ഡിജിറ്റൽ മാഗസിൻ - വാർഷിക പതിപ്പ് 2024

Group Of Institutions

# എന്നും ഓർമ്മകളിൽ



## ഹാജി. അഡ്വ. കുറ്റിയിൽ സി.എം. ഇബ്രാഹിംകുട്ടി

(1920-2020)

സ്ഥാപകൻ

**മീലാദെ ഷെരീഫ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്**

വേങ്ങ പി.ഒ, മൈനാഗപ്പള്ളി, കൊല്ലം

# ആമുഖം

സോഷ്യൽ മീഡിയയുടെ അതിപ്രസരത്തിൽ മുങ്ങി
എഴുത്തും വായനയും ആസ്വദിക്കാൻ മറന്ന ഞങ്ങളുടെ
കുരുന്നുകളുടെ സർഗാത്മകത തിരിച്ചുകൊണ്ടുവരാൻ
ഒരു ചെറിയ ശ്രമം.
ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഡിജിറ്റൽ മാഗസിനായ
മൊഴിയിലൂടെ കുഞ്ഞുമക്കളുടെ സർഗാത്മക സൃഷ്ടികൾ
ഉയർത്താനുള്ള ഈ ശ്രമത്തോടൊപ്പം
ഞങ്ങളുടെ സ്കൂളിൻറെ മികവിന്റെ കാഴ്ചകളും ...

സ്നേഹപൂർവ്വം
ഹെഡ്മാസ്റ്റർ
എബി ജോൺ



# ഉള്ളടക്കം


| | |
|---|---|
| പണക്കാരനും പാവപ്പെട്ടവനും | 4 |
| ബാല്യകാലം | 5 |
| അച്ഛന്റെ തിരികെയുള്ള യാത്ര | 6–7 |
| കടം കഥ | 8–10 |
| അഹങ്കാരിയായ റോസ | 11 |
| വേട്ടക്കാരനും സുഹൃത്തുക്കളും | 12–13 |
| മികവുകൾ | 14–16 |
| കായിക നേട്ടങ്ങൾ | 17–18 |
| കൃഷിത്തോട്ടം | 19 |
| മില്ലറ്റ് രുചി മേള | 20 |
| ഐടി എക്സിബിഷൻ | 21–22 |
| കുട്ടിവരകൾ | 23–25 |
| ഓർമ്മക്കുറിപ്പ് | 26 |

# പണക്കാരനും പാവപ്പെട്ടവനും

എ



ഒരിടത്ത് ഒരിടത്ത് ഒരു പണക്കാരനുണ്ടായിരുന്നു.ആ പണക്കാരനും പണക്കാരന്റെഭാര്യയ്ക്കുംമക്കൾക്കും പാവപ്പെട്ടവരെ ഇഷ്ടമല്ലായിരുന്നു . പാവപ്പെട്ടവരെ വസ്ത്രത്തിന്റെ പേരില‍ും കഴിക്കുന്ന ഭക്ഷണത്തിന്റെ പേരിലും കളിയാക്കുമായിരുന്നു. പണക്കാർക്ക് ഇവരോടൊപ്പം സമയം ചിലവഴിക്കാനും ഒന്നും ഇഷ്ടമില്ലായിരുന്നു. ഈ പണക്കാരനു പണക്കാരനായ അടുത്ത ഒരു സുഹൃത്തുണ്ടായിരുന്നു. ഇവർ രണ്ടു പേരും ആവശ്യമില്ലാത്ത കാര്യങ്ങൾക്കെല്ലാം പണം ചിലവഴിക്കുമായിരുന്നു.  പണക്കാരന്റെയും സുഹൃത്തിന്റെയും പക്കൽ കോടിക്കണക്കിനു ഉണ്ടായിട്ടും പാവപ്പെട്ടവർക്ക് ഒരു രൂപ പോലും കൊടുത്തിരുന്നില്ല . പണക്കാർക്ക് പാവപ്പെട്ടവരെ ഇഷ്ടമല്ലായിരുന്നു. പക്ഷേ പാവപ്പെട്ടവർക്ക് എല്ലാവരേയും തുല്യമായി കാണാനുള്ള മനസ്സുണ്ടായിരുന്നു. ഒരു ദിവസം പണക്കാരൻ തന്റെ വിലപിടിപ്പുള്ള കാറിൽ യാത്ര ചെയ്യുകയായിരുന്നു. അപ്പോൾ അയാളുടെ ഫോണിൽ സുഹൃത്ത് വിളിച്ചു. ഫോണിൽ സംസാരിക്കുന്നതിനിടയിൽ അയാളുടെ കാർ അപകടത്തിൽപ്പെട്ടു. അയാൾ അവിടെ കൂടി നിന്ന ആളുകളോട് രക്ഷിക്കാൻ വേണ്ടി യാചിക്കുന്നുണ്ടായിരുന്നു. അവിടെ കൂടി നിന്നവരുടെ കൂട്ടത്തിൽ  പണക്കാരനായ സുഹൃത്തുണ്ടായിരുന്നു. അയാൾ തിരിഞ്ഞ് പോലും നോക്കിയില്ല. എന്നാൽ പാവപ്പെട്ടവരായ നാട്ടുകാരാണ് അയാളെ ആശുപത്രിയിൽ എത്തിച്ചത്. അങ്ങനെ അയാൾ രക്ഷപ്പെട്ടു. ആശുപത്രിയിൽ നിന്നും തിരികെയെത്തിയ ശേഷം അയാൾ പാവപ്പെട്ടവരെ സഹായിക്കാനും സ്നേഹിക്കാനും  തുടങ്ങി. ഒപ്പം തന്നെ പണക്കാരനായ കൂട്ടുകാരനെ ഉപേക്ഷിക്കുകയും ചെയ്തു.

ഗുണപാഠം – എല്ലാവരേയും സഹായിക്കുക സ്നേഹിക്കുക.

# ബാല്യകാലം



ഓർമകളിൽ തെളിയുന്ന
ഒരു തരി ചെറു നാള-
മെൻ ബാല്യകാലം
എന്നോ മറഞ്ഞു പോയ കാലം
ഇനിയും വരാത്ത വസന്തകാലം
ബാല്യകാല സ്മരണകൾ ഇന്നു-
മെൻ ജീവനിൽ നിറഞ്ഞു നിൽക്കുന്നു
ഇനിയും വരുമില്ലാ കാലമെന്നാലും
ആ മധുര സ്മരണകൾ എന്നിൽ പുതു ജീവനേകുന്നു.

എഴുതിയത്: ഇർഷാന VIII B

# അച്ഛന്റെ തിരികെയുള്ള യാത്ര

എഴുതിയത് : ആയിഷ Y

സ ൂര്യൻ മെല്ലെ ഉയർന്നു. അലാറമടിയും തുടങ്ങി. ഒരു മടിയും കൂടാതെ വീട്ടമ്മയായ ലക്ഷ്മി ചാടിയെണീറ്റു. പ്രഭാതകർമങ്ങൾ ചെയ്തു പ്രാർത്ഥനയും കഴിഞ്ഞു. മെല്ലെ അവൾ സമയം നോക്കിയിട്ട് അടുക്കളയിലേയ്ക്ക് പോയി ജോലികൾ ആരംഭിച്ചു.
ഇനി രാത്രി വരെ ജോലി തന്നെ –അവൾ സ്വയം പറഞ്ഞു.

അപ്പോൾ ഉമ്മറത്ത് ഒരു ബെല്ലടി ശബ്ദം കേട്ടു. അവൾ അവിടേയ്ക്ക് പോയി.

അതിരാവിലെ ആരെന്നറിയാതെ ഒരു പേടിയോടു കൂടി വാതിൽ തുറന്നു. പോസ്റ്റുമാൻ ആയിരുന്നു .അവൾക്കു മനസ്സിലായി അത് ഏട്ടന്റെ കത്താണെന്ന്. അവൾ കത്ത് ഒപ്പിട്ടു വാങ്ങി. അവൾ ഉമ്മറത്തിരുന്നു കത്ത് വായിച്ചു. അപ്പോഴേക്കും അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകി മുഖത്ത് പുഞ്ചിരി വിടർന്നു. എട്ടു വർഷങ്ങൾക്കു ശേഷം കുട്ടികളുടെ അച്ഛൻ വിദേശത്തു നിന്ന് വരുന്നു എന്നായിരുന്നു കത്തിന്റെ ഉള്ളടക്കം. അവൾക്ക് വളരെ സന്തോഷമാവുകയും കത്ത് മേശപ്പുറത്ത് തന്നെ വച്ചു. അത് വേറൊന്നിനുമല്ല അപ്പുവും അമ്മുവും ഉണർന്നു വരുമ്പോൾ തന്നെ ആ സന്തോഷവാർത്ത അറിയാൻ വേണ്ടിയായിരുന്നു. എന്നാണ് വരിക എന്ന് ചിന്തിച്ചുകൊണ്ട് ഉമ്മറത്തു തന്നെയിരുന്നു. സമയം പോയതറിഞ്ഞില്ല. കുട്ടികൾ ഉണർന്നുവന്നു അമ്മയെ തിരക്കി അടുക്കളയിൽ ചെന്നു. അവിടെ കണ്ടില്ല . പിന്നെ അവർ ഉമ്മറത്ത് ചെന്നു നോക്കി.
ദേ ! ഇരിക്കുന്നു അമ്മ – എന്നവർ പറഞ്ഞു .
എന്നിട്ട് അമ്മയുടെ അടുത്ത് ചെന്നിരുന്നു. അപ്പോൾ ലക്ഷ്മി കുട്ടികളോട് പറഞ്ഞു നിങ്ങൾക്ക് ഒരു സന്തോഷവാർത്തയുണ്ട്.
അതുകേട്ട ഉടനെ അപ്പു ചോദിച്ചു ഞാൻ പരീക്ഷയ്ക്ക് ജയിച്ചതാണോ?
അല്ല – ലക്ഷ്മി പറഞ്ഞു .
നിങ്ങളുടെ അച്ഛൻ വരുന്നു.
ഇതു കേട്ട ഉടനെ സന്തോഷം കൊണ്ട് അവർ തുള്ളിച്ചാടി.
അമ്മു പറഞ്ഞു നിനക്കും എനിക്കും മിഠായി ഉറപ്പിച്ചോളൂ .
അതെ .ഈ സന്തോഷം കൊണ്ട് പ്രഭാതഭക്ഷണം കടയിൽ നിന്നും വാങ്ങാം.വേഗം റെഡി ആയി കടയിൽ പോയി വാങ്ങിവരണം.– ലക്ഷമി പറഞ്ഞു .
അവൻ മൂളി
അപ്പോൾ അമ്മു ചോദിച്ചു – അമ്മേ ഞാനും
ആ ശരി . രണ്ടാളും കൂടി പോയ്ക്കോളൂ

അമ്മുവിനു സന്തോഷമായി
രണ്ടാളും കടയിലേയ്ക്ക് പോയി. പെട്ടെന്ന് തന്നെ രണ്ടാളും തിരികെ ഉമ്മറത്ത് എത്തി . പൈസ എടുക്കാൻ മറന്നു.
ലക്ഷ്മി പൈസ എടുത്തു കൊടുത്തു . അവർ പെട്ടെന്ന് തന്നെ പോയിട്ട് ഭക്ഷണവുമായി തിരികെ വന്നു.
ലക്ഷ്മി അവർക്ക് ഭക്ഷണം നൽകി. അങ്ങനെ ദിവസങ്ങൾ മുന്നോട്ടു നീങ്ങി. കുറച്ച് ദിവസങ്ങൾക്ക് ശേഷം വീണ്ടും ഒര് കത്ത് കൂടി വന്നു .ലക്ഷ്മി കത്ത് ഒപ്പിട്ടു വാങ്ങി പൊട്ടിച്ച് വായിച്ചു. അന്നു മക്കൾ രാവിലെ നേരത്തെ എണീറ്റിരുന്നു.
സമയം അറിഞ്ഞു മക്കളെ എന്ന് ലക്ഷ്മി ഉറക്കെ വിളിച്ച് പറഞ്ഞു.
അവർ അമ്മയുടെ അടുത്തേക്ക് എന്നാണെന്ന് ചോദിച്ച്കൊണ്ട് ഓടി വന്നു.
ഇന്ന് ഇന്ന് !
കുട്ടികൾക്ക് ആകാംക്ഷയായി. അവർ ഉമ്മറത്തു തന്നെ കാത്തു നിൽക്കാൻ തുടങ്ങി. കുറെ സമയം മുന്നോട്ട് നീങ്ങി. അവിടേയ്ക്ക് ഒരു കാർ വരുന്നതു കണ്ടു അപ്പു ബഹളം തുടങ്ങി. ലക്ഷ്മിക്കും കുട്ടികൾക്കും സന്തോഷമായി. കാർ ഉമ്മറത്തെത്തി. അവർ ഓടിച്ചെന്ന് അച്ഛനെ വാരിപുണർന്ന് വീട്ടിലേയ്ക്ക് കയറ്റി. പിന്നീട് വീട്ടു മുഴുവൻ സംസാരങ്ങളും ബഹളവും ആയിരുന്നു. അതിനിടയിൽ ഒരു കാര്യം വിട്ടു പോയി. പെട്ടി പൊട്ടിച്ചില്ല!
പിന്നീട് കുറെ വൈകിയാണ് പെട്ടി പൊട്ടിച്ചത്.
അമ്മുവിനുള്ള മോതിരവും അപ്പുവിനുള്ള കാറും അമ്മയ്ക്ക് കൺമഷിയും കിട്ടി. പിന്നെ എല്ലാവർക്കും മിഠായിയും. അങ്ങനെ കാത്തിരുന്ന ദിവസം അവരിലേയ്ക്ക് എത്തി. ആ ദിവസം അവരുടെ ജീവിതത്തിലെ മറക്കാനാകാത്ത ദിവസങ്ങളിലൊന്നായിരുന്നു....



# കടംകഥ

1. താമസമെല്ലാം മൂക്കന്നൂരിൽ, കാലുകൾ രണ്ടും ചെവിയന്നൂരിൽ, ഇടയ്ക്കു വാസം കൂടന്നൂരിൽ; ഞാനാരെന്നു പറഞ്ഞീടാമോ?

2.തിന്നില്ല കുടിക്കില്ല, തല്ലാതെ മിണ്ടില്ല

3.ഏറ്റവും ഉള്ളിൽ അറബിക്കടൽ അതിനു മേലെ വെള്ളിത്തകിട് അതിനുമേലെ പൊന്നിൻ തകിട് ചുറ്റിലും പൊന്തം പൊന്തം

4.കുത്തിയാൽ മുളക്കില്ല വേലിയിൽ പടരും

5.മുള്ളുണ്ട് മുരിക്കല്ല, പാലുണ്ട് പശുവല്ല, വാലുണ്ട് വാനരനല്ല, നൂലുണ്ട് പട്ടമല്ല

6.മുറ്റത്തുണ്ടൊരു പോലീസേതോ കളവുതേടി നടക്കുന്നു

7.നീണ്ടു നീണ്ടു മാനം നോക്കി പോകുന്ന പച്ചക്കുപ്പായക്കാരൻ

8.എഴുത്തുണ്ട് പുസ്തകമല്ല, ചിത്രമുണ്ട് ചുവരല്ല, വട്ടത്തിലാണ് ചക്രമല്ല

9.പോകുമ്പോൾ നാലാൾ നാലുനിറം വരുമ്പോൾ നാലാൾ ഒരു നിറം

10. കാലിൽ പിടിച്ചാൽ തോളിൽ കയറും

## കടംകഥ ഉത്തരങ്ങൾ

1. കണ്ണട



2.ചെണ്ട




3.തേങ്ങ





4.ചിതൽ



5.ചക്ക



6. കോഴി



7. മുള



8.നാണയം




9.മുറുക്കാൻ



10.കുട



# അഹങ്കാരിയായ റോസ



ഒരിടത്ത് ഒരു പൂന്തോട്ടത്തിൽ ഒരു റോസാചെടി വളർന്നു വന്നു. അതിൽ ദിവസവും നിറയെ ചുമന്ന പൂക്കൾ വിരിയുമായിരുന്നു. മറ്റു പൂക്കളേക്കാൾ റോസാപൂവിനോട് എല്ലാവർക്കും ഒരു പ്രത്യേക ഇഷ്ടമുണ്ടായിരുന്നു. ആ ഇഷ്ടം റോസാപൂവിനെ ഒരു അഹങ്കാരിയാക്കി മാറ്റി. മറ്റു ചെടികളെ നോക്കി റോസാചെടി പുച്ഛത്തോടെ ചിരിക്കും . അവളുടെ ഈ പ്രവർത്തി മറ്റു ചെടികൾക്കെല്ലാം ദേഷ്യവും വിഷമവും ഉണ്ടാക്കി. നമ്മുടെ പൂക്കളും ഓരോ കാര്യങ്ങൾക്കും ഉപകാരപ്പെടുന്നതല്ലേ എന്നും ഈ അഹങ്കാരിയെ ഒരു പാഠം പഠിപ്പിക്കാൻ ആരും ഇല്ലേയെന്നും അവർ ചോദിക്കുമായിരുന്നു. ഒരു ദിവസം ആ വീട്ടിലെ കുട്ടി റോസാപൂക്കൾ പറിക്കാൻ ചെന്നു. അവളുടെ കയ്യിൽ മുള്ളു തറച്ചു. അവൾ ഉറക്കെ കരഞ്ഞു . ആ കുട്ടിയ്ക്ക് ദേഷ്യം തോന്നി റോസാചെടി വെട്ടിക്കളഞ്ഞു. വേദനകൊണ്ട് റോസാചെടി മറ്റു ചെടികളെ നോക്കി കരഞ്ഞു. പക്ഷേ മറ്റു ചെടികൾ അവളെ യാതൊരു ദയയും ഇല്ലാതെ നോക്കി. അങ്ങനെ അവളുടെ അഹങ്കാരം തീർന്നു.

ഗുണപാഠം – അഹങ്കാരം ആപത്ത്.

എഴുതിയത്: നിവേദ്യ സുരേഷ്  VI A

# വേട്ടക്കാരനും സുഹൃത്തുക്കളും.

രചന :ആദില ഫാത്തിമ

പണ്ടു പണ്ടൊരു കാട്ടിൽ നാലു സുഹൃത്തുക്കളുണ്ടായിരുന്നു (കാക്ക, മാൻ, ആമ, ചുണ്ടെലി). എന്തൊക്കെ തിരക്കുണ്ടെങ്കിലും അവർ എല്ലാ ദിവസവും കാട്ടിൽ ഒത്തുകൂടുമായിരുന്നു. പരസ്പരം വിശേഷങ്ങൾ പങ്കുവെച്ചും തമാശകൾ പറഞ്ഞും അവർ സമയം ചിലവഴിച്ചു. അങ്ങനെ അവർ സ്നേഹത്തോടെ മുന്നോട്ട് പോയി .
ഒരിക്കൽ മാൻ ഒഴികെ എല്ലാവരും കാട്ടിൽ ഒത്തുകൂടി. മാനിനു എന്തുപറ്റിയെന്നും അപകടം വല്ലതും സംഭവിച്ചു കാണുമോ എന്നും അവർ ചിന്തിച്ചു.
അപ്പോൾ കാക്ക പറഞ്ഞു – ഞാൻ പോയി കാട്ടിലൊക്കെ അന്വേഷിച്ചിട്ട് വരാം. തീർച്ചയായും അവനു എന്തോ അപകടം സംഭവിച്ചിട്ടുണ്ട്.
ഇതും പറഞ്ഞ് കാക്ക പറന്ന് പോയി കാട് മുഴുവൻ തന്റെ സുഹൃത്തിനെ അന്വേഷിച്ചു. അപ്പോഴാണ് ഒരു വേട്ടക്കാരന്റെ വലയിൽ കുടുങ്ങിയ നിലയിൽ തന്റെ സുഹൃത്തിനെ കാക്കയുടെ ശ്രദ്ധയിൽ പെടുന്നത്.
കാക്കയെ കണ്ടതും മാൻ പറഞ്ഞു സുഹൃത്തെ എന്നെ എത്രയും പെട്ടെന്ന് ഇതിൽ നിന്നും രക്ഷിക്കു .വേടൻ ഏതു നിമിഷവും ഇവിടെ എത്തും. ഈ വലയിൽ നിന്നും പുറത്ത് കടക്കാൻ നീ എന്നെ സഹായിക്കണം.
ഇതു കേട്ടതും കാക്ക പറഞ്ഞു സുഹൃത്തെ നീ പേടിക്കാതിരിക്കു . നിന്നെ ഞങ്ങൾ രക്ഷിക്കും . ഞാൻ നമ്മുടെ കൂട്ടുകാരെ കൂടി കൂട്ടീട്ട് വേഗം വരാം.
ഇതും പറഞ്ഞിട്ട് കാക്ക വേഗം പറന്ന് പോയി തന്റെ കൂട്ടുകാരോട് വിവരം പറഞ്ഞു .
മാനിപ്പോൾ എവിടെയാണുള്ളത്. ഞാൻ ആ വലയുടെ കണ്ണികൾ കടിച്ച് മുറിച്ച് അവനെ വലയിൽ നിന്നും രക്ഷിക്കാം – ചുണ്ടെലി പറഞ്ഞു.
ഇതു കേട്ടതും കാക്ക എലിയോട് പറഞ്ഞു –സ്ഥലം ഇവിടെ നിന്നും കുറച്ച് അകലെയാണ്.നീ അവിടെ എത്തുമ്പോഴേക്കും വേടൻ മാനിനെ കൊണ്ടുപോകും.
അപ്പോൾ ആമ കാക്കയോട് പറഞ്ഞു – നിന്റെ പുറത്ത് ഇവനെ കയറ്റി കൊണ്ടുപോകു. അതാവുമ്പോൾ പെട്ടെന്ന് തന്നെ അവിടെ എത്താൻ കഴിയും.

അങ്ങനെ കാക്ക എലിയെയും കൊണ്ട് അവിടെ നിന്നും മാനിന്റെ അടുത്തേയ്ക്ക് പറന്ന് പോയി. അവിടെ എത്തിയതും എലി തന്റെ ജോലി ആരംഭിച്ചു.
വലയുടെ കണ്ണികൾ കടിച്ച് മുറിച്ചു. വേടൻ വരുന്നുണ്ടോയെന്ന് കാക്ക സൂചനയും നൽകി. അങ്ങനെ മാനിനെ രക്ഷിച്ചു. അപ്പോഴേക്കും ആമയും അവിടെ എത്തി. അവർ സൗഹൃതം പങ്കിട്ടു. അപ്പോഴാണ് വേടൻ വരുന്നുവെന്ന് കാക്ക സൂചന നൽകിയത്. ഉടൻ തന്നെ കാക്ക ഒരു മരച്ചില്ലയിലും എലി ഒരു മാളത്തിലും മാൻ കുറ്റിക്കാട്ടിലും ഒളിച്ചു. പാവം ആമ പതുക്കെ നീങ്ങി കൊണ്ടിരുന്നു. വേടൻ വന്നപ്പോൾ വലയിൽ ഇട്ടിരുന്ന മാനിനെ കാണുന്നില്ല.
അപ്പോൾ വേടൻ വിചാരിച്ചു ഇന്നു വെറും കയ്യോടെ പോകണമല്ലോ . അപ്പോഴാണ് ആമയെ കണ്ടത് . അപ്പോൾ വേട്ടക്കാരൻ മനസ്സിൽ ചിന്തിച്ചു " ആമയെങ്കിൽ ആമ "യെന്നു കരുതി ആമയെ പിടിച്ചു സഞ്ചിയിൽ ഇട്ടു വേട്ടക്കാരൻ യാത്രയായി. ഇതു കണ്ട ആമയുടെ സുഹൃത്തുക്കൾക്ക് വിഷമമായി. കുറച്ചു സമയം കഴിഞ്ഞപ്പോൾ വേട്ടക്കാരൻ ക്ഷീണിച്ച് ഒരു മരച്ചുവട്ടിൽ കിടന്നു. ഇതെല്ലാം കണ്ട് കൊണ്ട് കാക്ക അവിടെ ഉണ്ടായിരുന്നു. ഈ സൂചന കാക്ക കൂട്ടുകാർക്ക് നൽകി. ക്ഷീണം തീർത്ത് എഴുന്നേറ്റ വേടൻ കുറച്ചകലെയായി കിടക്കുന്ന മാനിനെ കണ്ടു . അയാൾക്ക് കണ്ണുകളെ വിശ്വസിക്കാനായില്ല. അയാൾ പതിയെ പതിയെ മാൻ കിടന്നിടത്തേക്ക് പോയി. ആ സമയം എലി ആമയെ വച്ചിരുന്നസഞ്ചി കടിച്ചുമുറിക്കാൻ തുടങ്ങി. വേടൻ അടുത്തെത്താറായതും കാക്ക മരക്കൊമ്പിൽ നിന്നും പറന്നുയർന്ന് മാനിന് വേടൻ അടുത്തെത്തിയതിന്റെ സൂചന നൽകി. അവൻ ഉടൻ എഴുന്നേറ്റ് ഓടാൻ തുടങ്ങി. വേടനും പുറകെ ഓടി . അങ്ങനെ ആമയ്ക്ക് ഇഴഞ്ഞ് രക്ഷപെടാനുള്ള സമയം കിട്ടി .
സഞ്ചിയിൽ നിന്നും പുറത്തിറങ്ങിയ ആമ

അവൻ ഉൾക്കാട്ടിലേക്ക് ഓടി രക്ഷപ്പെട്ടു. ഇനി മാനിന്റെ പുറകെ പോയിട്ട് കാര്യമില്ല എന്ന് മനസ്സിലാക്കിയ വേടൻ തിരികെ എത്തിയപ്പോൾ കണ്ടത് തൻറെ ഒഴിഞ്ഞ സഞ്ചിയാണ്. അയാൾ ചുറ്റും നോക്കി ആമയെ അവിടെയെങ്ങും കണ്ടില്ല വേടൻ നിരാശയോടെ പറഞ്ഞു .'ആദ്യം മാന്യനായി വലിച്ച അതിനെ കിട്ടിയില്ല പകരം ഒരു ആമയാണ് കിട്ടിയത് എന്നാൽ ഇപ്പോൾ കയ്യിൽ കിട്ടിയ ആമയും നഷ്ടപ്പെട്ടു'



അപ്പോഴേക്കും സമയം ഏറെ വൈകിയിരുന്നു മറ്റൊരു വഴിയുമില്ലാതെ ഉഴിഞ്ഞ സഞ്ചിയുമായി വേദന തന്റെ വീട്ടിലേക്ക് മടങ്ങേണ്ടി വന്നു. അങ്ങനെ ആ നാല് സുഹൃത്തുക്കളും പേടന്റെ കയ്യിൽ നിന്നും രക്ഷപ്പെട്ടു. വീണ്ടും പഴയതുപോലെ അവർ എന്നും വൈകുന്നേരങ്ങളിൽ ആ മരത്തിൻറെ ചുവട്ടിൽ ഒത്തുകൂടുകയും സ്നേഹത്തോടെ ഒരുപാട് കാലം ആ കാട്ടിൽ കഴിയുകയും ചെയ്തു

ഗുണപാഠം

എന്തൊക്കെ പരിമിതികൾ ഉണ്ടെങ്കിലും ഏത് ഒത്തൊരുമയുണ്ടെങ്കിൽ  പ്രതിസന്ധിയെയും നമുക്ക് അതിജീവിക്കാൻ സാധിക്കും

# മികവുകൾ

2023 ഉപജില്ലാ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ തിരുവാതിര ടീം




2023 ഉപജില്ലാ സമൂഹ ഗാന മത്സരത്തിൽ ഫസ്റ്റ് ഗ്രേഡ് നേടിയ ടീം



**സബ്ജില്ലാ ഇംഗ്ലീഷ് പ്രസംഗത്തിലും പദ്യ പാരായണത്തിലും എ ഗ്രേഡ് ഉൾപ്പെടെ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ അദീന ഷൈനും ,ഐഷ ആർ എസും**



സബ്ജില്ലാ ഇംഗ്ലീഷ് പ്രസംഗത്തിലും തമിഴ് പ്രസംഗത്തിലും പദ്യ പാരായണത്തിലും എ ഗ്രേഡ് ഉൾപ്പെടെ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ **മാസിയ**




## 22023 സബ് ജില്ലാ ഒപ്പന മത്സരത്തിൽ എ ഗ്രേഡ് നേടിയ ടീം






# കായിക നേട്ടങ്ങൾ



മിലാദേ ഷെരീഫ് ഗേൾസ് ഹൈസ്കൂൾ
മൈനാഗപ്പള്ളി
2023 - 2024 വർഷത്തിൽ ജില്ല - സംസ്ഥാന കായിക മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ചവർ
സംസ്ഥാനതലത്തിൽ മെഡലുകൾ നേടിയവർ
Wrestling (Silver Medal)
Fencing (Bronze Medal)
Fencing (Bronze Medal)
Fencing (5th Position)
Fencing (5th Position)
Hiba Fathima
Sneha Thomas
Shincy J Dixon
Laya thulaseedharan
Raniya Hussain
സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ
Taekwondo
Judo
Judo
Throwball
Throwball
Fathima.A
Shahanamol
Aleena
Aliya A
Pavitra
Kho Kho
Kho Kho
Faiga
Shafna Mol
ജില്ലയിൽ സമ്മാനം നേടിയവർ
Judo 2nd
Judo 2nd
Judo
Summaya.S
Ameena Shameer
Muhsina Hussain
Judo
Wrestling 2nd
Wrestling 2nd
Wrestling 2nd
Wrestling 2nd
Mubeena Hussain
Safana.S
Hiba Fathima
Hajira Nizar
Ruksana
Wrestling 2nd
Kho Kho
Kho Kho
Throwball
Kho kho (2nd)
Ameeka Thasneem
Thasleema
Ayisha R. S
Asiya
Football (3rd)
Volleyball Runner up
മാനേജ്മെന്റ്, സ്റ്റാഫ് & പി.ടി.എ


65 ാ മത് സംസ്ഥാനതല
റെസ്‌ലിങ്
ചാമ്പ്യൻഷിപ്പിൽ
സീനിയർ
പെൺകുട്ടികളുടെ
വിഭാഗത്തിൽ
സിൽവർ മെഡൽ
നേടിയ ഹിബ
ഫാത്തിമയ്ക്ക്
അഭിനന്ദനങ്ങൾ !
മിലാദേ ഷെരീഫ്
ഗേൾസ് ഹൈസ്കൂൾ
മൈനാഗപ്പള്ളി

# ഞങ്ങളുടെ കൃഷിത്തോട്ടം





# മില്ലെറ്റ് രുചി മേള 2023



# ഐ ടി എക്സിബിഷൻ 2023












# കുട്ടിവരകൾ

മൻഹ റെയ്ഹാൻ VII A





# കുട്ടിവരകൾ

ബാസിമ അസ്‌ലം IX C





# കുട്ടിവരകൾ

നിജ ഫാത്തിമ V A





# ഓർമ്മകുറിപ്പ്

ഞാനും എൻറെ കൂട്ടുകാരും

എന്നെന്നും ഓർമ്മയിൽ സൂക്ഷിക്കാൻ ഒരുപാട് കൂട്ടുകാരികളെ തന്ന ഈ പാഠശാല എന്നും എൻറെ ഓർമ്മയിൽ ഉണ്ടാകും. ഓരോ ദിവസവും പുതിയ പുതിയ സന്തോഷങ്ങൾ അനുഭവങ്ങൾ തിരുത്തലുകൾ എല്ലാം ജീവിതത്തിൻറെ പുസ്തകത്തിൽ എഴുതി ചേർക്കാൻ ഇവിടുത്തെ ഓരോ വ്യക്തികളും എന്നെ സഹായിച്ചു മറ്റുള്ളവരോട് കൂട്ടുകൂടാതിരുന്ന എന്നെ ഇന്ന് ഒരുപാട് കൂട്ടുകാരുള്ള ഒത്തിരി വായിക്കുന്ന എല്ലാവരോടും സംസാരിക്കുന്ന ഒരു വ്യക്തിയാക്കി മാറ്റിയത് ഇവിടുത്തെ അനുഭവങ്ങളാണ്

സനൂജ വിപിൻ
IX B

# നന്ദി

ഞങ്ങളുടെ ഈ പരിശ്രമത്തെ വിജയിപ്പിക്കാൻ രചനകൾ തന്നു സഹായിച്ച ഞങ്ങളുടെ കുഞ്ഞ് അനുജത്തിമാർക്കും ഇതിലേക്കായി ചിത്രം വരച്ചു തന്ന കൂട്ടുകാരികൾക്കും രചനകളിൽ വന്ന അക്ഷരത്തെറ്റുകൾ തിരുത്തി തന്നെ അധ്യാപകർക്കും മിലാദേ ശരീഫ് ഗേൾസ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്